**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5349** **05-07-2024 - ൽ മറുപടിയ്ക്ക്**

**ബിരുദാനന്തര പഠനത്തിന് യു.ജി.സി. പുറത്തിറക്കിയ പുതിയ പാഠ്യപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബിരുദാനന്തര പഠനത്തിന് യു.ജി.സി. പുറത്തിറക്കിയ പുതിയ പാഠ്യപദ്ധതി ചട്ടക്കൂട് സംസ്ഥാനത്ത് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ മൂന്നുവർഷത്തെ യു.ജി. കോഴ്സ് കഴിഞ്ഞ് രണ്ടു വർഷം പി.ജി. പഠനം എന്ന നിലയാണുള്ളത്. നാലുവർഷ ബിരുദ കോഴ്സിൽ മൂന്നുവർഷം കൊണ്ട് ഡിഗ്രി പൂർത്തിയാക്കുന്നവർക്ക് ഇപ്പോഴുള്ള രീതിയിൽ തന്നെ രണ്ടു വർഷത്തെ പി.ജി.ക്ക് ചേരാവുന്നതാണ്. എന്നാൽ നാലുവർഷം ഓണേഴ്സ് പൂർത്തിയാക്കിയവർക്ക് രണ്ടാം വർഷ പി.ജി.യിലേക്ക് നേരിട്ട് പ്രവേശനം ലഭിക്കും. അവർ ഒരു വർഷം പി.ജി. പഠിച്ചാൽ മതിയാകുന്നതാണ്. ഓണേഴ്സ് വിത്ത് റിസർച്ച് പൂർത്തിയാക്കുന്നവർക്ക് പി.ജി.ക്ക് ചേരാതെ തന്നെ പി.എച്ച്.ഡി.ക്ക് പ്രവേശനം ലഭിക്കുന്നതിന് യോഗ്യതയുണ്ടാകുന്നതാണ്.<br><br>യു.ജി.സി. പ്രസിദ്ധീകരിച്ച പി.ജി. കരിക്കുലം ക്രെഡിറ്റ് ഫ്രെയിംവർക്ക് പഠിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഡോ. സജി ഗോപിനാഥ് (വൈസ് ചാൻസലർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി) ന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പി.ജി. കരിക്കുലം സംബന്ധിച്ച് വിശദമായ ശിപാർശ നൽകുന്നതിന് ഒരു കരുക്കലം കമ്മിറ്റി രൂപീകരിക്കുന്നത് പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്ത് ഒരേസമയം രണ്ട് പി.ജി. കോഴ്സുകൾ ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി നടപടികൾ സ്വീകരിക്കുമോ; | (ബി) | കാലിക്കറ്റ് സർവകശാലയിൽ ഒരേസമയം രണ്ട് പി.ജി. കോഴ്സുകൾ നിബന്ധനകൾക്ക് വിധേയമായികൊണ്ട് ചെയ്യാനുള്ള അനുമതിയുണ്ട്. (one in regular mode and another in Open and Distance Learning (ODL)/Online mode).<br><br>കുസാറ്റ് സർവ്വകലാശാലയുടെ സിണ്ടിക്കേറ്റ് അംഗീകരിച്ച 20 മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് Ph.D. ഒഴികെയുള്ള രണ്ടു കോഴ്സുകൾക്ക് ഒരേ സമയം ചേരാൻ സാധിക്കും. ഇരു കോഴ്സുകളും ക്ലാസ് റൂം |

| | | | |
|---|---|---|---|
| | | | കോഴ്സുകളാണെങ്കിൽ ക്ലാസ് സമയങ്ങൾ വ്യത്യസ്ഥമായിരിക്കണം എന്ന നിബന്ധനക്ക് വിധേയമായിട്ടാണ് ഈ അവസരം നൽകുന്നത്.<br><br>കണ്ണൂർ സർവകലാശാലയിൽ 2024 അക്കാദമിക് വർഷം മുതൽ ഒരേ സമയം രണ്ടു പി.ജി. പ്രോഗ്രാമുകൾ ചെയ്യുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. (one in Full time mode in Kannur University and another in Open and Distance learning (ODL).<br><br>ഒരേ സമയം രണ്ട് പി.ജി. കോഴ്സുകൾ ചെയ്യുന്നതിന് അനുവദിക്കുന്ന വിഷയം കേരള, എം.ജി. സർവ്വകലാശാലകൾ പരിശോധിച്ചു വരുന്നു. |
| (സി) | പി.ജി. പഠനം ഓൺലൈൻ സംവിധാനത്തിലൂടെ സാധ്യമാക്കാനുള്ള നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (സി) | മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് 10 പി. ജി. പ്രോഗ്രാമുകൾ ഓൺലൈനായി നടത്തുന്നതിന് യു.ജി.സി. അനുമതി നൽകിയിട്ടുണ്ട്. നിലവിൽ എം.കോം., എം.ബി.എ. പ്രോഗ്രാമുകൾ ഓൺലൈനായി നടത്തിവരുന്നു.<br><br>കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം മുഖേന ഓൺലൈൻ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>കാലിക്കറ്റ് സർവകലാശാല സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ മുഖാന്തരം പി.ജി. പഠനം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന് യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ